**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 92          28.10.2019- ൽ മറുപടിക്ക്

**കോഴിക്കോട്ട് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് : | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br><br>റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾക്കുവേണ്ട ദിശാബോധം നൽകുന്നതിന് സർക്കാർ അംഗീകരിച്ചുത്തരവായ കേരള പുനർനിർമ്മാണ വികസന പരിപാടിയുടെ (ആർ.കെ.ഡി.പി) നയരേഖയിലെ നിർദേശങ്ങൾക്കനുസരിച്ച്, തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ സ്വഭാവത്തിനനുസരിച്ചുള്ള സമയക്രമം നിശ്ചയിച്ച് പദ്ധതി നിർവഹണം സാധ്യമാക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം, ഓരോ പദ്ധതിയുടെയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും |
| (സി) പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സമയക്രമം വ്യക്തമാക്കുമോ? | | |

പ്രസ്തുത സമയക്രമം പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുക.

ഈ പ്രവർത്തന തത്വങ്ങളിലൂന്നിക്കൊണ്ട് റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ കോഴിക്കോട് ജില്ലയിൽ നിന്നും കൊയിലാണ്ടി-ബാലുശ്ശേരി-കൊട്ടുവള്ളി-തിരുവമ്പാടി റോഡ് (52.5 കി.മീ) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ